# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 776 23.07.2012- ൽ മറുപടിക്ക്**

## കബോട്ടാഷ് നിയമത്തിൽ ഇളവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി :<br>ശ്രീ. എ.കെ. ശശീന്ദ്രൻ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകണമെന്ന അപേക്ഷ എന്നാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചത്; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എന്ത് മറുപടിയാണ് ലഭിച്ചത്; വ്യക്തമാക്കാമോ; | (എ) | കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള മുഖ്യമന്ത്രി 01.09.2011-ന് പ്രധാനമന്ത്രിയ്ക്കും, കേന്ദ്ര ആഭ്യന്തര വകുപ്പു മന്ത്രിയ്ക്കും, ഷിപ്പിംഗ് വകുപ്പ് മന്ത്രിയ്ക്കും, പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാനും കത്തയച്ചിട്ടുണ്ട്. കൂടാതെ നേരിട്ട് നിവേദനം നൽകിയിട്ടുണ്ട്. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് കബോട്ടാഷ് നിയമത്തിൽ വേണ്ട ഇളവ് നൽകുന്ന കാര്യം കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു. |
| (ബി) | മൂന്നു വർഷത്തേയ്ക്ക് ഇളവ് അനുവദിക്കണമെന്ന് ആസൂത്രണ കമ്മീഷൻ നേരത്തെ ശുപാർശ നൽകിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ശുപാർശയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും എന്ത് മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വല്ലാർപാടം അന്താരാഷ്ട്ര ട്രാൻസ്ഷിപ്മെന്റ് ടെർമിനലിൽ എക്സിം കണ്ടെയ്നറുകൾക്ക് കബോട്ടാഷ് നയത്തിൽ ആദ്യം മൂന്നു വർഷത്തേയ്ക്ക് ഇളവ് അനുവദിക്കാമെന്ന് പ്ലാനിംഗ് കമ്മീഷൻ 16.03.2012-ൽ ശുപാർശ ചെയ്യുകയുണ്ടായി. കൂടാതെ മൂന്നു വർഷങ്ങൾക്ക് ശേഷം ഇക്കാര്യം |

-----2

അവലോകനം ചെയ്ത് കൂടുതൽ ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമെന്നും പ്ലാനിംഗ് കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു.

(സി) ഈ നിയമത്തിൽ ഇളവ് നൽകാത്തതിനാൽ ഇന്ത്യൻ തുറമുഖങ്ങളിൽ എത്തുന്ന കണ്ടെയ്നറുകളുടെ ഭൂരിഭാഗവും കോളംബോ ഉൾപ്പെടെയുള്ള വിദേശ ട്രാൻസ്ഷിപ്മെന്റ് ടെർമിനലുകൾ കൈകാര്യം ചെയ്യുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഒരു സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

(സി) ഉചിതമായ സമയത്ത് ആവശ്യമാണെങ്കിൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ